# മൻ കി ബാത്ത്

വാല്യം – 2



# മൻ കി ബാത്ത്

## വാല്യം – 2


**Authors**
Sharda Mohan and Shashi Mukherjee

**Illustrations and Cover Art**
Dilip Kadam

**Assistant Artist**
Ravindra Mokate

**Production**
Amar Chitra Katha



**Published by**
Amar Chitra Katha Pvt. Ltd

Malayalam

ISBN – 978-81-19242-59-7

Amar Chitra Katha Pvt. Ltd, June 2023



© Ministry of Culture, Govt of India, June 2023
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.



നമ്മൾ കോവിഡ്-19 മഹാമാരിയുടെ ഏറ്റവും മോശം അവസ്ഥകളിലൂടെ കടന്നുപോയി. നമ്മളെല്ലാവരും വീടിനുള്ളിൽ അടച്ചുപൂട്ടി കുടുംബാംഗ ങ്ങളോടൊപ്പം ദീർഘകാലം ജീവിച്ച ഒരു കാലമായിരുന്നു അത്. നമ്മളിൽ ചിലർക്ക് അതൊരു നല്ല കാലമായിരുന്നു, ആ സമയത്ത് നമ്മുടെ മാതാ പിതാക്കളുമായും സഹോദരങ്ങളുമായും ഒപ്പം ജീവിക്കുന്ന മറ്റുള്ളവരുമാ യുമുള്ള അടുപ്പം വളർന്നു. പക്ഷെ നമുക്കൊക്കെ അതൊരു ദുരിതകാലവു മായിരുന്നു. നിങ്ങളെങ്ങനെയാണ് ആ ദിവസങ്ങളിൽ ഒരുമിച്ചു ജീവിച്ചത്?

നിർഭാഗ്യവശാൽ, വർഷങ്ങൾകൊണ്ട് കൈവിട്ടുപോയ നമ്മുടെ കുടുംബത്തിന്റെ മുൻ പാരമ്പര്യങ്ങളെക്കുറിച്ച് നമുക്ക് തിരിച്ച റിവുണ്ടായി. ഈ പാരമ്പര്യങ്ങളില്ലാതെ ചില കുടുംബങ്ങൾക്ക് ഒരുമിച്ചു ചേരുമ്പോൾ സന്തോഷം കണ്ടെത്താൻ സാധിക്കാതെ വന്നു.

നമ്മളെ ഒരു കുടുംബമായി ഒരുമിപ്പിച്ചു നിർത്തുന്ന പാരമ്പര്യമായിരുന്നു കഥപറ യൽ. പണ്ട്, വീട്ടിലെ മുതിർന്നവർ കുട്ടിക ളോട് കഥപറയാൻ സമയം കണ്ടെത്തുമായി രുന്നു. ഇത് കുടുംബത്തിൽ സന്തോഷം നിലനിർത്താനും നമ്മൾ ഒന്നാണെന്ന ബോധമുണ്ടാ ക്കാനും ഉപകരിച്ചിരുന്നു.

കഥകൾ സർഗ്ഗാത്മകതയും സംവേദനക്ഷമതയും കൊണ്ടുവരുന്നു. ആത്മാവുള്ളിടത്ത് കഥയുമുണ്ടാകും. യുവാവായിരുന്നപ്പോൾ ഞാൻ ഭാരതത്തിന്റെ ഗ്രാമ ഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ചിരുന്നു. ഞാനെന്നും ഗ്രാമങ്ങളിലെ കുട്ടികളോട് സംവദിക്കാൻ ശ്രദ്ധിച്ചിരുന്നു. ഞാനെന്നും അവരോട് കഥകൾ പറയാൻ ആവശ്യപ്പെട്ടിരുന്നു.

അപ്പോൾ അവർ പറയും "ഇല്ല അങ്കിൾ, ഞങ്ങൾ തമാശകൾ പറയാം, ശേഷം നിങ്ങളും ഞങ്ങളോട് തമാശകൾ പങ്കുവെയ്ക്കൂ". ഈ കുട്ടികൾക്ക് കഥകൾ കേൾക്കുന്നതിന്റെ ആഹ്ലാദംപോലുമറിയില്ലല്ലൊ എന്നോർത്ത് ഞാൻ ഞെട്ടിപ്പോയി. കഥപറച്ചിലിന്റെ പാരമ്പര്യം പൗരാണിക കാലംമുതലുള്ളതാണ്. അത് പഞ്ചതന്ത്രം കഥകളോ, ഹിതോപദേശ കഥകളോ അല്ലെങ്കിൽ കിസ്സ ഗോയിയോ* ആയിക്കോട്ടെ. അറിവു പകരുന്ന പക്ഷി മൃഗാദികളുടെ കഥകളുണ്ടായിരുന്നു, മൂല്യങ്ങൾ പഠിപ്പിച്ചിരുന്ന മതപരമായ കഥകളും ഉണ്ടാ യിരുന്നു.

ഇന്ന്, നിരവധിയാളുകൾ കഥപറയാനായി സ്വന്തമായി അരങ്ങുകൾ ആരംഭിച്ചിട്ടുണ്ട്. അമർ വ്യാസും സുഹൃ ത്തുക്കളും ഗാഥസ്റ്റോറി ഡോട്ട് കോം ആരംഭിച്ചിട്ടുണ്ട്. വൈശാലി വ്യവ്ഹരെ ദേശ്പാണ്ടെ ഗ്രാമീണരേയും കർഷകരേയും കുറിച്ചുള്ള കഥകൾ ജനകീയമാക്കുന്നു. ബാപ്പു** വിനെക്കുറിച്ചുള്ള കഥകൾ പറയുന്നതാ ണ് ബംഗളൂരുവിൽ നിന്നുള്ള വിക്രം ശ്രീധറിന് താൽപര്യം. ചെന്നൈയിൽ നിന്നുള്ള ശ്രീവിദ്യ വീരരാഘ വന്റെയും ഗീതാ രാമാനുജന്റെയും കഥാലയ ഡോട്ട് ഓർഗ് നല്ലൊരു കഥാപറച്ചിൽ വേദിയാണ്, കൂടുതൽ നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

കഥപറയുന്നവരെക്കുറിച്ചറിയാനും മറ്റു പ്രചോദന കഥകൾ കേൾക്കാനും നമുക്ക് നായർ സാറിന്റെ സ്കൂ ളിൽ പോകാം, എന്റെ മൻ കി ബാത്ത് പ്രോഗ്രാമിലൂടെ.



*പൗരാണിക ഉറുദു കഥാ കഥന കല

** മഹാത്മാ ഗാന്ധി

# ഉള്ളടക്കം


| | | |
|---|---|---|
| 1 | എല്ലാ കഥകളേയും കുറിച്ച് | 3 |
| 2 | വീരേന്ദ്ര യാദവ് | 7 |
| 3 | ഉഷ ദുബെ | 10 |
| 4 | ടി. ശ്രീനിവാസാചാര്യ | 13 |
| 5 | അനുദീപും മിനുഷയും | 15 |
| 6 | സൽമാൻ | 18 |
| 7 | എൻ. എസ്. രാജപ്പൻ | 20 |
| 8 | സി. വി. രാജു | 23 |
| 9 | ഭഗീരഥി അമ്മ | 26 |
| 10 | രാജേന്ദ്ര ജാദവ് | 28 |
| 11 | ഗായത്രി | 30 |



എല്ലാ കഥകളേയും കുറിച്ച്
വേനലവധിക്കു ശേഷം എല്ലാ കുട്ടികളും സ്കൂളിൽ തിരിച്ചെത്തി
ഹലോ ഇക്ബാൽ! നിൽക്കൂ.
ഹായ് ശ്രേയസ്! നിന്നെ കണ്ടതിൽ സന്തോഷം.
ഗുഡ് മോണിങ് നായർ സാർ!
ഗുഡ് മോണിങ്, ശാരദ. ഹലോ, പയ്യന്മാരെ! നിങ്ങളെ പതിവുപോലെ അവസാന പിരീയഡിൽ കാണാം.
ധാരാളം കഥകളുമായി?
ഹ.. ഹ... ഹ! അതെ, ധാരാളം കഥകളുമായി.
നായർ സാർ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. കാരണം അദ്ദേഹം രസകരമായ കഥകൾ കുട്ടികൾക്കു പറഞ്ഞുകൊടുത്തിരുന്നു. എല്ലാം പ്രധാനമന്ത്രിയുടെ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ നിന്നായിരുന്നു.
നിശ്ചയമായും, അന്ന് അദ്ദേഹം ഒരു പുഞ്ചിരിയോടെ കടന്നുവന്നു.
നായർ സാർ, ഇന്നത്തെ കഥ എന്തിനെക്കുറിച്ചാണ്?
ഇന്നത്തെ കഥ, കഥയെക്കുറിച്ചാണ്.
അതെങ്ങനെ?


എല്ലാവരും ഇരുന്നപ്പോൾ നായർ സാർ എല്ലാവരേയും അഭിവാദ്യം ചെയ്തു –
ഒരിക്കൽ, മഹാമാരിക്കാലത്ത്, നമ്മുടെ പ്രധാനമന്ത്രി ബംഗളൂരുവിൽ നിന്നുള്ള ഒരു കൂട്ടം കഥപറച്ചിലുകാരുമായി സംസാരിക്കുകയായിരുന്നു. അവർ ബംഗളൂരു കഥാകഥന സൊസൈറ്റിയിൽ നിന്നുള്ളവരായിരുന്നു.
അതിൽ അപർണ ആത്രേയ, ഷൈലജ സമ്പത്ത്, സൗമ്യ ശ്രീനിവാസൻ, അപർണ്ണ ജയ്ശങ്കർ, ലാവണ്യ പ്രസാദ് എന്നിവരുണ്ടായി രുന്നു. ഓരോരുത്തരും പ്രൊഫഷണലാണ്. കഥപറയാൻ അഭിനിവേശമുള്ളവരുമാണ്.
യഥാർത്ഥത്തിൽ ലാവണ്യ പ്രസാദ് മുതിർന്ന പൗരന്മാർ ക്കൊപ്പമിരുന്ന് അവരുടെ കുടുംബങ്ങൾക്കുവേണ്ടി അവരുടെ കഥകൾ എഴുതുന്നു!
അതെ, എന്റെ മുത്തച്ഛൻ എന്നോട് ഇന്ത്യ സ്വതന്ത്രമായ ദിവസത്തെ കഥ കൾ പറഞ്ഞിട്ടുണ്ട്. കുട്ടിക്കാലത്തെ തായിരുന്നുവെങ്കിലും, മുംബൈയിൽ മാതാപിതാക്കളോടൊപ്പം ട്രാമിൽ സഞ്ച രിച്ചതിനെക്കുറിച്ച്. ആ ദിവസം യാത്ര സൗജന്യമായിരുന്നു!
എന്റെ മുത്തച്ഛൻ പട്ടാളത്തിലായിരുന്നു. അദ്ദേഹം ഇന്ത്യ – ചൈന യുദ്ധ പോരാട്ട ത്തെക്കുറിച്ച് ഒരുപാട് കഥകൾ പറഞ്ഞുത ന്നിട്ടുണ്ട്.
ഞാനെന്റെ കുടും ബത്തിന്റെ കഥകൾ കണ്ടെത്തും.
അത് നല്ലൊരു ഐഡിയയാണ്. മുതിർന്നവരിൽ നിന്നും കഥകൾ ശേഖരിക്കുക. ആ കഥകൾ ക്ലാസ്സിൽ പങ്കുവയ്ക്കുക. മൻ കി ബാത്തിൽ ഒരു കാഥികൻ പറഞ്ഞ ഒരു കഥ ഇപ്പോൾ ഞാൻ പറയാം.
അതെ! അതെ! കഥ കേൾക്കണം.


കൃഷ്ണദേവരായർ ദേഷ്യപ്പെട്ടു.
പഴയ പച്ചക്കറികൾ! വെള്ളരി, മത്തങ്ങ, ഉരുളക്കിഴങ്ങ്! മടുത്തു. എന്തെങ്കിലും വ്യത്യസ്തമായത് ഉണ്ടാക്കൂ. ഇല്ലെങ്കിൽ നിന്നെ തൂക്കിക്കൊല്ലും.
ഓഹ്...!
പാവം പാചകക്കാരൻ ഓടി രാജാവിന്റെ ഉപദേശകനായ തെന്നാലി രാമനോട് സങ്കടം പറഞ്ഞു.
രാജാവിന് എന്റെ പാചകം ഇഷ്ടമല്ല. എന്നെ തൂക്കിക്കൊല്ലുമെന്ന് പറയുന്നു.
മ്....! കരയാതെ പറയുന്നതു ശ്രദ്ധിക്കൂ. ഒരു ഉപായമുണ്ട്.
അടുത്ത ദിവസം ഉച്ചയൂണിന്റെ സമയം –
ഇതും നല്ലത്... ഇതും... അതോ...
ആഹാ! സ്വാദിഷ്ടം!
ഈ രുചികരമായ പച്ചക്കറിയേതാണ്?
പ്രഭോ, ഇത് വഴുതിനയാണ്. അത് അങ്ങയെപ്പോലെ കിരീടവും പകിട്ടുമുള്ള വസ്ത്രവും ധരിച്ചിരിക്കുന്നു.
എങ്കിൽ ഇന്നുമുതൽ എല്ലാ പ്രജകളും വഴുതിന തിന്നട്ടെ എന്ന് ഉത്തരവായതായി അറിയിക്കുക.
ഏഹ്...?
പണി പാളി!


വണ്ടികളിൽ വിവിധ ഭാഗത്തു നിന്ന് വഴുതിനകൾ രാജ്യത്ത് എത്തിച്ചു. മറ്റു പച്ചക്കറികൾ അപ്രത്യക്ഷമായി.
കൊട്ടാരത്തിലും എല്ലാ ജനങ്ങളുടെ വീട്ടിലും വഴുതിനകൊണ്ടുള്ള വിവിധ വിഭവങ്ങൾ പാചകം ചെയ്യാൻ തുടങ്ങി.
ഇന്ന് വഴുതിന് സാമ്പാർ ഉണ്ടാക്കി. നാളേയ്ക്ക് വഴുതിന വഴറ്റിയത്. മറ്റന്നാളേയ്ക്ക് വഴുതിന ലഡ്ഡു ഉണ്ടാക്കാം.
അതു കൊള്ളാം!
പക്ഷെ, വൈകാതെ–
പ്രഭോ, ഇതാ അൽപം വഴുതിന റൈത്ത.
കുറച്ച് വഴുതിന ബിര്യാ.....
നിർത്ത്! ഇനി വഴുതിന വേണ്ട. അത് രാജ്യത്തുനിന്ന് നിരോധിച്ചിരിക്കുന്നു!
പിന്നീട്–
എന്റെ പഴയ പച്ചക്കറിയിനങ്ങൾ തിരികെ വന്നു! അങ്ങയുടെ ഉപായം ഫലിച്ചു.
ഹ ഹ! രാജാവിനെ പ്രീതിപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ ഞാനെവിടുത്തെ മന്ത്രിയാണ്?




* കൊയ്ത്തിനു ശേഷം മിച്ചം വരുന്ന ചെടിയുടെ അവശിഷ്ടങ്ങളെയാണ് വൈക്കോൽ എന്നുപറയുന്നത്.




* യന്ത്രത്തിലൂടെ മർദ്ദമുപയോഗിച്ച് വൈക്കോൽ കെട്ടാക്കുന്ന പ്രവർത്തനം.
** കത്തിക്കുന്നതിലൂടെയൊ ചാണകത്തിലൂടെയൊ ഊർജ്ജം ഉത്പാദിപ്പിക്കുക.

*** ഫാക്ടറികൾ കാർഷിക പ്രവർത്തനത്തിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കുന്നു.


അടുത്ത കുറച്ചു വർഷങ്ങൾക്കു ശേഷം കൂടുതൽ കർഷകൾ വീരേന്ദ്രയുടെ പദ്ധതിയിൽ ചേർന്നു.
ഞാൻ ഒരു കാർഷിക സൊസൈറ്റി തുടങ്ങാൻ പോകുന്നു. നിങ്ങൾക്ക് അതിന്റെ ഭാഗമാകാം. ഈ സൊസൈറ്റിയിലൂടെ കാർഷിക ഉപകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് സർക്കാരിൽ നിന്ന് ലഭ്യമാകും.
വൈകാതെ രണ്ടാമത്തെ സൊസൈറ്റിയും തുടങ്ങി. കർഷക ക്ഷേമ വകുപ്പിൽ നിന്ന് ഉപകരണങ്ങൾ 80 ശതമാനം കിഴിവിൽ ലഭ്യമായി. സൊസൈറ്റി കുറഞ്ഞ ചിലവിൽ കൂടുതൽ ലാഭം കൈവരിച്ചു.


ഈ പദ്ധതിയെക്കുറിച്ചുള്ള വാർത്ത സംസ്ഥാനം മുഴുവൻ പരന്നു.
ഹലോ, ഇത് സുജൻ സിങ് ആണ്. കൈതലിലെ ഡെപ്യൂട്ടി കമ്മിഷണർ. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ.
മോനേ, ഡെപ്യൂട്ടി കലക്ടർ മിസ്റ്റർ കരംചന്ദ് വിളിച്ച് അഭിനന്ദിച്ചിരുന്നു.


വേനൽക്കാലത്ത് വൈക്കോൽ കൊയ്യാനായപ്പോൾ വീരേന്ദ്ര യാദവ് 200 തൊഴിലാളികളെ സഹായത്തിനായി നിയമിച്ചു.
ഞാൻ നിന്നെക്കുറിച്ച് അഭിമാനിക്കുന്നു മോനെ. നീ വേസ്റ്റിനെ വെൽത്താക്കി മാറ്റിയിരിക്കുന്നു.


വൈക്കോൽ കത്തിച്ചുണ്ടാകാറുള്ള പ്രശ്നം പരിഹരിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഒടുവിൽ നമ്മുടെ വായു ശുദ്ധമായി.
അതെ, നിന്റെ അമ്മയുടെ ആരോഗ്യവും മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു.
വീരേന്ദ്ര യാദവിന്റെ ഈ കഥ കേട്ടപ്പോൾ, കാർഷിക മാലിന്യത്തെ ഉപയോഗപ്രദമായ ഊർജ്ജമാക്കിമാറ്റി ലാഭകരമായ കച്ചവടമാക്കിയ രീതി മാതൃകാപരമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.


ഉഷ ദുബെ
ഡൽഹിയിലെ ഉഷ്ണകാലത്തെ ഒരു ദിവസം.
ഹോ... ഇതുപോലുള്ള സമയത്ത് സ്കൂളിൽ വരുന്നത് ഭീകരമാണ്.
അതെ. ഓൺ ലൈൻ ക്ലാസ്സാണ് വളരെ നല്ലത്.
ഓൺലൈൻ ക്ലാസ്സിന്റെ കാലത്ത് നിങ്ങൾ അതിനെക്കുറിച്ചും പിറുപിറുത്തിരുന്നു.
ഓൺലൈൻ ക്ലാസ്സ് നിങ്ങൾക്ക് നല്ലതായിരിക്കാം. പക്ഷെ നൂറുകണക്കിന് കുട്ടികൾക്ക് ബുദ്ധിമുട്ടായിരുന്നു. അതിനെക്കുറിച്ച് അവസാന പിരിയഡിൽ പറയാം. കിത്താബ് വാലി ദീദിയെക്കുറിച്ചുള്ള കഥ.
ഹായ്... ഒരു മൻ കി ബാത്ത് സ്റ്റോറി!
കോവിഡ്-19 കാലത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ മധ്യപ്രദേശിലെ സിൻഗ്രൗലിയിലെ സ്കൂൾ ടീച്ചറായ ഉഷ ദുബെ വിഷമത്തിലായി.
ഓൺലൈൻ ക്ലാസ്സോ? നമ്മുടെ കുട്ടികൾക്ക് പങ്കെടുക്കാൻ മൊബൈലൊ ഇന്റർനെറ്റൊ ഇല്ല. അവരെങ്ങിനെ പഠിക്കും?
അവരുടെ ആശങ്ക കുട്ടികളിലും പ്രതിഫലിച്ചു.
ക്ലാസ്സ് എങ്ങിനെ പോകുന്നു മഹിമ?
ഞാൻ ശ്രദ്ധിക്കാൻ ശ്രമിക്കുന്നു. പക്ഷെ ഓൺ ലൈൻ ക്ലാസ്സ് ഫോളോ ചെയ്യാൻ ബുദ്ധിമുട്ടാണ് മിസ്സ്. എല്ലാ കുടുംബാംഗങ്ങളും വീട്ടിലുണ്ട്. അതുകൊണ്ട് ക്ലാസ്സിൽ ശ്രദ്ധിക്കാൻ സാധിക്കുന്നില്ല.


മഹിമയോട് സംസാരിച്ചതിനു ശേഷം ഉഷ ടീച്ചറിന് നല്ലൊരു ഐഡിയ തോന്നി.
മഹിമ, കുട്ടികൾക്ക് സ്കൂളിൽ പോകാൻ സാധിച്ചില്ലെങ്കിൽ സ് കൂൾ അവരുടെ അടു ത്തേക്കു വരട്ടെ.
മിസ്സ് എന്താണ് ഉദ്ദേശിച്ചത്?
ഉഷ തന്റെ സ്കൂട്ടർ ഉപയോഗിച്ച് കുട്ടി കൾക്കു വേണ്ടി ഒരു മൊബൈൽ ലൈബ്രറി സജ്ജീകരിച്ചു.
ഇത് മഹത്തായ ഐഡിയ ആണ്!
ഉഷയും മഹിമയും ഗ്രാമ ഗ്രാമാന്തരങ്ങളിലൂടെ സഞ്ചരിച്ചു. ലൈബ്രറി മുഖാന്തരം കുട്ടികളെ പഠിപ്പിച്ചു.
ഈ ടെക്സ്റ്റ്ബുക്ക് കൊണ്ടുവന്നതിന് നന്ദി ചേച്ചി!
ആഹാരം എങ്ങിനെയാണ് നമ്മുടെ ദഹന വ്യവസ്ഥ യിൽ ദഹിക്കുന്നത് എന്ന് മനസ്സിലായോ?
മനസ്സിലായി! ഇത് ഓൺലൈൻ ക്ലാസ്സിൽ പഠിപ്പി ച്ചിരുന്നുവെങ്കിലും ഇന്റർനെറ്റ് പ്രവർ ത്തിക്കാത്തിനാൽ നഷ്ടപ്പെട്ടിരുന്നു.
മഹിമ ചേച്ചി, ഈ പ്രോബ്ലം ഞാൻ ശരിയായി സോൾവ് ചെയ്തോ?
അതെ, മിടുക്കൻ!




* ഹിന്ദിയിൽ പുസ്തകംവഹിക്കുന്ന ചേച്ചി.

** ധീരന്മാർക്കുള്ള സെല്യൂട്ട്


ടി. ശ്രീനിവാസാചാര്യ
അതൊരു കമ്പ്യൂട്ടർ പിരീഡ് ആയിരുന്നു.
എല്ലാ റോ കളും സെലക്ട് ചെയ്യൂ, അപ്പോൾ നിങ്ങൾക്ക് മൊത്തം തുക താഴെ കാണാൻ കഴിയും.
ശരി സാർ.
എന്റെ തല കമ്പ്യൂട്ടർ പഠനത്തിന് പറ്റിയതല്ലെന്ന് തോന്നുന്നു.
അങ്ങിനെയൊന്നുമില്ല. നിങ്ങൾ ഒരു കാര്യത്തിന് ഇറങ്ങിത്തിരിച്ചാൽ പഠിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇന്നത്തെ കഥപറച്ചിൽ സമയത്ത് 80 ാം വയസ്സിൽ കമ്പ്യൂട്ടർ പഠിച്ച ശ്രീനിവാസാചാര്യ എന്ന ഒരു പൂജാരിയുടെ കഥ ഞാൻ പറയാം.
ഹായ്!
ടി. ശ്രീനിവാസാചാര്യ ഒരു സംസ്കൃത പണ്ഡിതനും ചെന്നൈ മൈലാപ്പൂരിലെ ഒരു വിഷ്ണു ക്ഷേത്രത്തിലെ മുഖ്യ കാർമ്മികനുമായിരുന്നു. ഒരു ദിവസം–
സ്വാമി, എനിക്ക് പൂജ ചെയ്യുമ്പോൾ മന്ത്രങ്ങൾ ഓർക്കാൻ സാധിക്കുന്നില്ല. ഞാനെങ്ങിനെ നല്ല പൂജാരിയാകും?
എന്റെ പൂജാ മന്ത്രങ്ങളുടെ പുസ്തകങ്ങൾ ഇവനെ സഹായിക്കും.
ശ്രീനിവാസാചാര്യ പൂജാദി കാര്യങ്ങളെക്കുറിച്ചുള്ള ചില പുസ്തകങ്ങൾ എഴുതിയിട്ടുണ്ടായിരുന്നു.
ഇതാ, ഇതെന്റെ പുസ്തകമാണ്. 'ശ്രീ പത്മ തന്ത്ര പ്രയോഗം'. ഇത് എല്ലാ പൂജാകർമ്മങ്ങളെക്കുറിച്ചും വിവരിക്കുന്നു.
നന്ദി സ്വാമി! ഇതെന്നെ തീർച്ചയായും സഹായിക്കും.
സത്യത്തിൽ അതു സഹായകരമായി. വൈകാതെ ശ്രീനിവാസാചാര്യയുടെ പുസ്തകങ്ങൾ ക്ഷേത്ര കാർമ്മികർക്കിടയിൽ പ്രശസ്തമായി.
ഒരു ദിവസം–
സ്വാമി, അങ്ങയുടെ രണ്ടു പുസ്തകങ്ങൾ താന്ത്രിക വിദ്യാ പഠിതാക്കൾക്കിടിയിൽ പ്രചരിപ്പിക്കുമെന്ന് തമിഴ്നാട് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു.
വളരെ വിനയാന്വിതനാണ്. ഞാനിനിയും ഇതേ വിഷയത്തിൽ ഇതുപോലുള്ള പുസ്തകങ്ങൾ എഴുതും.




* തമിഴിൽ അച്ഛൻ        ** തമിഴിൽ മുത്തശ്ശൻ

# അനുദീപും മിനുഷയും



ക്ലാസ്സ് മുറി ഇന്ന് വൃത്തിയല്ല. ഇടനാഴിയും വൃത്തികേടായിരിക്കുന്നു.
സാർ, വൃത്തിയാക്കുന്ന സ്ത്രീകൾക്ക് സുഖമില്ല. രണ്ടു ദിവസമായി അവർ വന്നിട്ട്.
ഞങ്ങൾ ക്ലാസ്സ് വൃത്തിയാക്കാൻ ശ്രമിച്ചു. സ്കൂൾ വലുതല്ലെ, സ്കൂൾ മുഴുവൻ എങ്ങിനെ ശുചീകരിക്കാൻ സാധിക്കും?
നന്നായി, നിങ്ങൾ കുറച്ചു കുറച്ചായി ഒത്തുചേർന്ന് ദിവസവും ചെയ്താൽ നമ്മുടെ സ്കൂൾ വൃത്തിയാകും. ഞാനിന്ന് ഒരു കടൽത്തീരം മുഴുവൻ വൃത്തിയാക്കിയ അനുദീപിനേയും മിനുഷയേയും കുറിച്ചുള്ള കഥ പറയാം. അവരുടെ കഥ നമ്മുടെ പ്രധാനമന്ത്രിയ്ക്കുപോലും പ്രചോദനമായി.
നവംബർ 2020, കർണ്ണാടകയിലെ ബൈന്ദൂരിൽ അനുദീപ് ഹെഗ്ഡെയും മിനുഷ കാഞ്ചനും അടുത്ത ബന്ധുക്കൾ മാത്രം പങ്കെടുത്ത ചടങ്ങിൽ വിവാഹിതരായി.
എന്നും നന്നായി വരട്ടെ!
കോവിഡ്–19 കാലമായിട്ടുപോലും ചടങ്ങ് മനോഹരമായി.
വൈകാതെ–
നമുക്ക് ഹണിമൂണിന് ലക്ഷദ്വീപിലേയ്ക്കു പോയാലൊ എന്നു ചിന്തിക്കുകയായിരുന്നു.
എനിക്കു ഹിമാചലിൽ പോകണം. പക്ഷെ കോവിഡ് കാലമായതിനാൽ യാത്ര വളരെ അപകടമാണ്.
എവിടേയും പോകാതെ ദമ്പതികൾ സായാഹ്നം ചിലവിടാൻ അടുത്തുള്ള സോമേശ്വർ ബീച്ചിൽ പോയി.
എനിക്ക് ഇവിടം ഇഷ്ടപ്പെട്ടു.
അതെ. ഈ വെയിലും മണൽപ്പരപ്പുമുള്ളതിനാൽ ലോക്ക്ഡൗൺ അത്ര പ്രശ്നമായില്ല.




* കുന്ദാപുര, കർണ്ണാടകയിലെ ഒരുകൂട്ടം പൗരന്മാർ ചേർന്ന് നടത്തിയ ക്ലീനപ്പ് ഡ്രൈവ്. ഇപ്പോഴും വാളണ്ടിയർമാർ ഞായറാഴ്ച ദിവസങ്ങളിൽ ഈ പ്രൊജക്ടിൽ സഹകരിക്കാറുണ്ട്.


കുറച്ചു ദിവസങ്ങൾക്കു ശേഷം–
മോശമല്ല. ബീച്ചിലെ വലിയൊരു ഭാഗം നമ്മൾ വൃത്തിയാക്കിയിരിക്കുന്നു.
അതേ. കൂടുതൽ ആളുകൾ കൂടെ ചേർന്നിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു.
എനിക്കൊരു വഴിയറിയാം.
അനുദീപ് സമൂഹ മാധ്യമത്തിൽ അവരുടെ പ്രവൃത്തിയെക്കുറിച്ച് ഒരു പോസ്റ്റ് ചെയ്തു.
വൈകാതെ–
ഞാൻ മഞ്ജുനാഥ്.
ഞാൻ ഹസ്സൻ. ഞങ്ങളെല്ലാം ഈ ക്ലീൻ അപ് ഡ്രൈവിൽ ചേരാൻ വന്നതാണ്.
ഇത് ആശ്ചര്യകരമായിരിക്കുന്നു!
വൈകാതെ, ഒരുപാടു വാളണ്ടിയർമാർ അവരോടൊപ്പം ചേർന്നു.
ഒത്തുചേർന്ന്, ബീച്ചിലെ 80 ശതമാനം ഭാഗവും അവർ ശുചീകരിച്ചു. 800 കിലൊ മാലിന്യം അവർക്കു ലഭിച്ചു.
നോക്കൂ... ഇപ്പോൾ ഈ തീരം കാണാൻ എന്തു ഭംഗി.
ഇപ്പോഴാണ് അത് ശരിക്കും ശ്വസിച്ചു തുടങ്ങിയത്.
ഏതാനും ദിവസങ്ങൾക്കു ശേഷം–
ഒരു ചെറിയ ശ്രമം ഇത്ര ശ്രദ്ധേയമായെങ്കിൽ നമുക്ക് ഇതിലുമധികം ചെയ്യാൻ സാധിക്കും! നമുക്ക് ചലച്ചിത്ര നിശ സംഘടിപ്പിച്ചാലോ. അതിലൂടെ മീൻപിടുത്തക്കാർക്ക് ശുചിത്വത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാം.
തീർച്ചയായും! നമ്മുടെ ദൗത്യം ഇവിടെ അവസാനിക്കുന്നില്ല. നമ്മൾ ആരംഭിച്ചിട്ടേയുള്ളു.
അനുദീപും മിനുഷയും അവരുടെ നല്ല പ്രവൃത്തികൾ തുടർന്നു. 'ഒത്തൊരുമിച്ചു നിന്നാൽ പരിവർത്തനം കൊണ്ടുവരാനാകും' എന്ന ആശയമാണ് അവരുടെ പ്രചോദനം.

# സൽമാൻ



സാർ, എന്റെ അമ്മാവന് ഒരു അപകടത്തിൽ കാലു നഷ്ടപ്പെട്ടു. പിന്നീട് കൃത്രിമ കാല് വെച്ചു. അത് കാണാൻ ആശ്ചര്യകര മാണ്. ഒരു റോബോർട്ടിന്റെ കാലാ ണെന്നു തോന്നും. പക്ഷെ അദ്ദേഹ ത്തിന് നടക്കാൻ ബുദ്ധിമുട്ടുണ്ട്.
അതെ, സുജിത്ത്. അത് ഉപയോഗിച്ച് ശീലമാകാൻ കുറച്ച് സമയ മെടുക്കും.
കൃത്രിമ അവയവം വെച്ച് മത്സരത്തിൽ വിജയിച്ച ഒരു കായികതാരത്തെ ക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്.
അതു ശരിയാണ്, പാരുൾ. ശാരീരിക വെല്ലുവിളികളുള്ള പലരും വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുണ്ട്. നടക്കാൻ സാധിക്കാ തിരുന്നിട്ടും ജീവിത വിജയം കൈവരിച്ച ഒരും സംരംഭ കനെക്കുറിച്ചാണ് ഇന്നു പറയാൻ പോകുന്ന കഥ.
സൽമാൻ ഉത്തർ പ്രദേശിലെ ഹാമിർപ്പൂർ എന്ന സ്ഥലത്താണ്. അദ്ദേഹം വളരെ ചെറുതായിരുന്നപ്പോൾ –
സൽമാന് നല്ല പനിയുണ്ട്. നിർത്താതെ കരയുന്നു.
നമുക്ക് ആശുപത്രിയിൽ കൊണ്ടുപോകാം.
പെട്ടെന്ന് –
സൽമാന് പോളിയൊ ബാധിച്ചിരിക്കുന്നു. അവന്റെ കാൽ തളർന്നു. മസിലുകൾ ദുർബലമായിക്കൊണ്ടിരിക്കുന്നു. അവന് നടക്കാൻ ബുദ്ധിമുട്ടുണ്ടാക്കും.
അയ്യോ, ഈ ലോകത്ത് ഇനി അവനെങ്ങനെ അതിജീവിക്കും?
കാലുകൾ ദുർബലമായിക്കൊണ്ടിരുന്നുവെങ്കിലും സൽമാൻ ധീരനായിത്തന്നെ വളർന്നുവന്നു. അവൻ 12 ാം ക്ലാസ്സ് പരീക്ഷ പൂർത്തിയായ ദിവസം –
അമ്മേ, എനിക്ക് ഇനി സ്വയം പര്യാപ്തമാകണം. ഞാൻ സർക്കാർ ജോലിക്ക് ശ്രമിക്കാൻ പോകുന്നു.


എത്ര കഠിനമായി പരിശ്രമിച്ചിട്ടും ഒരു ജോലി കിട്ടിയില്ല. ഒരു ദിവസം–
എനിക്കാരും തൊഴിൽ തരുന്നില്ല. അതുകൊണ്ട് ഞാൻ സ്വന്തമായി ഒരു കമ്പനി തുടങ്ങും.
കുറച്ചു വർഷങ്ങൾക്കു ശേഷം, സൽമാൻ ചെരുപ്പ്, സോപ്പുപൊടി എന്നിവയുടെ നിർമ്മാണം പഠിച്ചു. വായ്പയെടുത്ത് 'ടാർജറ്റ്' എന്നൊരു കമ്പനി സ്ഥാപിച്ചു.
വരൂ. ചെരിപ്പ് ഉണ്ടാക്കേണ്ടത് എങ്ങിനെയെന്ന് പഠിപ്പിക്കാം.
കമ്പനി പ്രശസ്തമായിത്തുടങ്ങി. ഒരു ദിവസം–
എനിക്ക് എവിടേയും തൊഴിൽ കിട്ടിയില്ല. കാരണം, അപകടത്തിൽ ഒരു കൈ നഷ്ടപ്പെട്ടു. എനിക്ക് ഇവിടെ തൊഴിൽ തരുമോ?
ഇവിടെ തങ്കൾക്ക് എന്തു ചെയ്യാൻ സാധിക്കുമെന്നു നോക്കട്ടെ. നിങ്ങളെപ്പോലുള്ളവർക്ക് എന്നെപ്പോലെ തന്നെ തുല്യമായ അവസരങ്ങൾ ലഭിക്കണം.
അടുത്ത രണ്ടു വർഷങ്ങളിൽ സൽമാൻ ശാരീരിക വെല്ലുവിളിയുള്ള ഒരുപാടുപേർക്ക് തൊഴിൽ നൽകി.
ഇപ്പോൾ ശാരീരിക വെല്ലുവിളിയുള്ള 30 തൊഴിലാളികൾ ഇവിടെ ജോലിചെയ്യുന്നു. ഇനിയും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ അടുത്ത ദിവസങ്ങളിൽ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.
സൽമാന്റെ കഥ പ്രധാന മന്ത്രിയുടെ മൻ കി ബാത്തിൽ പരാമർശിക്കപ്പെട്ടു.
സൽമാൻ ഭായ്, താങ്കളുടെ ധീരതയെക്കുറിച്ച് പ്രധാനമന്ത്രി പറഞ്ഞുകേട്ടപ്പോൾ അഭിമാനം തോന്നുന്നു.
താങ്കൾ എല്ലാവർക്കും പ്രചോദനമാണ്. താങ്കളെക്കുറിച്ച് ഞങ്ങൾ അഭിമാനിക്കുന്നു.
നിങ്ങൾക്ക് നന്ദി.

# എൻ. എസ്. രാജപ്പൻ




* കേരളത്തിലെ പ്രധാനപ്പെട്ട ഒരു കായൽ. പ്രശസ്തമായ ഒരു ടൂറിസ്റ്റ് കേന്ദ്രംകൂടിയാണ്.


രാജപ്പൻ തുഴയാൻ തുടങ്ങി–
പ്ലാസ്റ്റിക് മീനോ? എനിക്കത് കാണാൻ കഴിയുമൊ രാജപ്പാ?
തീർച്ചയായും! വന്ന് കയറിക്കോ.
പെട്ടെന്ന്–
നോക്കൂ, ഇതാണ് ഇന്നത്തെ എന്റെ കോള്! ഇവിടെ വാ പ്ലാസ്റ്റിക്കേ. ഇപ്പൊ നിന്നെ ഞാൻ ഇവിടെ നിന്ന് പൊക്കും.
ഹോ.., ഇതാണൊ പ്ലാസ്റ്റിക് മീൻ?
കുറച്ചു മണിക്കൂറുകൾക്കു ശേഷം–
ഇപ്പോൾ കായൽ വൃത്തിയായി. നിങ്ങൾ ധീരനാണ് എന്നാലും... എന്നാലും...
..എന്റെ കാലുകൾക്ക് സ്വാധീനമില്ല. തോണി തുഴയാൻ എനിക്കു പ്രയാസമില്ല. അപ്പോൾ അതൊരു നല്ല കാര്യത്തി നായിക്കോട്ടെ എന്നു കരുതി ഈ പ്ലാസ്റ്റിക്ക് ശേഖരിക്കാൻ തുടങ്ങി. അതിൽ നിന്ന് സമ്പാദ്യവും ലഭിച്ചു.
ഉച്ചയ്ക്ക്, ഊണുകഴിക്കാനുള്ള ഇടവേളയെടുത്തു.
എത്രകാല മായി താങ്കളിതു തുടരുന്നു? ഇതൊരു കഠിനമായ പണി അല്ലേ?
കഴിഞ്ഞ അഞ്ചു വർഷമായി. എനിക്ക് യാതൊരു പരാതിയു മില്ല. ഈ കായൽ എന്റെ വീടാണ്. ഇത് ശുചിയായി കാണുന്നതിലാണ് എനിക്ക് സന്തോഷം.
ഇദ്ദേഹം നിസ്വാർത്ഥനാണ്.


ഏതാനും മണിക്കൂറുകൾക്കു ശേഷം രാജപ്പൻ തോണി കരയ്ക്കടുപ്പിച്ചു.
ഇനി താങ്ക ളെന്താണ് ചെയ്യാൻ പോകുന്നത്?
ഞാനീ പ്ലാസ്റ്റിക്ക് വേർ തിരിക്കും. ഇത് തിരിച്ച് കായലിൽ വീഴാതെ ശ്രദ്ധിക്കും. നിനക്ക് എന്നോടൊപ്പം ചേരണോ?
തീർച്ചയായും.


അതിനു ശേഷം –
രാജപ്പൻ സർ, താങ്കളോടൊപ്പം പ്ലാസ്റ്റിക്ക് ശേഖരിക്കാൻ നാളെയും, വരും ദിവസങ്ങളിലും ഞാനും കൂടട്ടെ?
തീർച്ചയായും മോനേ. നമുക്കൊരുമിച്ച് ശരിയായ പരിവർത്തനം കൊണ്ടുവരാം.


രാജപ്പനെക്കുറിച്ച് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പരാമർശിച്ചു. പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് ജലാശയങ്ങളെ സംരക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ കഠിന ശ്രമങ്ങളെ അഭിനന്ദിച്ചു. അതിനു ശേഷം –
രാജപ്പൻ, ഇന്നു നിങ്ങൾക്ക് ഒരു സർപ്രൈസുണ്ട്.


സർ, താങ്കൾക്ക് പുതിയൊരു മോട്ടോർ ബോട്ടും ഒരു വീൽ ചെയറും സമ്മാനമായി നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നമ്മുടെ സമൂഹത്തിനുവേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് താങ്കളെ അഭിനന്ദിക്കുന്നു.
പുതിയ മോട്ടോർ ബോട്ടിൽ രാജപ്പൻ തന്റെ നല്ല പ്രവർത്തികൾ തുടർന്നു. വേമ്പനാട് കായൽ മാത്രമല്ല പരിസരപ്രദേശത്തെ മറ്റ് ജലാശയങ്ങളും അദ്ദേഹം ശുദ്ധീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

# സി.വി. രാജു













* ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം ജില്ലയിലെ ഒരു പ്രദേശം.


പക്ഷെ രാജു കോളേജിൽ പോയി തിരിച്ചു വന്നതോടെ സംഗതികൾ മാറി–
കുട്ടികൾ പ്ലാസ്റ്റിക് കളിപ്പാട്ടങ്ങൾകൊണ്ടാണോ കളിക്കുന്നത്? എന്തുപറ്റി.
അതു നിർമ്മിക്കാൻ ചിലവു കുറവാണ്. കലാകാരന്മാർ ജീവിക്കാൻ തൊഴിലിനായി നാടു വിടുകയാണ്.
എട്ടിക്കോപ്പ ബൊമ്മകൾകൊണ്ട് കളിച്ചു വളർന്ന രാജുവിന്റെ മനസ്സിലെ പഴയ ആ കൊച്ചുകുട്ടി പ്രതിഷേധിച്ചു. എന്തെങ്കിലും ചെയ്തേ മതിയാകൂ എന്ന് അദ്ദേഹം ചിന്തിച്ചു.
കരകൗശല കലാകാരന്മാരെ ഉൾപ്പെടുത്തി 'പത്മാവതി അസ്സോസിയേറ്റ്സ്' എന്നൊരു സഹകരണ സംഘം രാജു സ്ഥാപിച്ചു.
ഈ പാരമ്പര്യ വിദ്യ നമ്മുടെ ഗ്രാമത്തിന്റെ ഹൃദയത്തിലുണ്ട്. അതിനെ മരിക്കാൻ വിടുകയാണോ?
വൻതോതിൽ നിർമ്മിക്കപ്പെട്ട ഒരേ മാതൃകയിലുള്ള ഉൽപ്പന്നങ്ങളോടാണ് അവർക്ക് മത്സരിക്കേണ്ടിയിരുന്നത്.
അങ്കുടു എന്ന മരം ഉളികൊണ്ടാൽ എളുപ്പം പൊട്ടാത്തതും മൃദുലവുമാണ്.
എങ്കിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ മരങ്ങൾക്കു വേണ്ട ഏർപ്പാടു ചെയ്യാം.
ഉൽപാദനം ആരംഭിച്ചതോടെ രാജു ബൊമ്മകൾ രാജ്യമെമ്പാടുമുള്ള വ്യാപാര മേളകളിലും എക്സിബിഷനുകളിലും എത്തിച്ചു.
ഞാൻ വിശേഷപ്പെട്ട ചരക്കുകൾ കയറ്റി അയക്കുന്ന രാജ്യാന്തര വ്യാപാരിയാണ്. താങ്കൾക്ക് ഒരു വലിയ ഓർഡർ തരാൻ ആഗ്രഹിക്കുന്നു.
നമ്മുടെ വലിയ വഴിത്തിരിവ് ഇവിടെയാണ്.
ആഘോഷം പെട്ടെന്ന് അവസാനിച്ചു. കയറ്റി അയച്ച് ചരക്ക തിരിച്ചെത്തി.
പെയിന്റിൽ ഈയത്തിന്റെ അംശം കണ്ടെത്തിയതായി പറയുന്നു.
അത് ആധുനിക സിന്തറ്റിക് ഡൈയുടെ പ്രശ്നമാണ്.
ഇനി പാരമ്പര്യ രീതികളിലേയ്ക്ക് തിരിച്ചുപോകേണ്ട സമയമാണ്.




* ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻ (ജി.ഐ.) ടാഗ് ഉല്പന്നത്തിന്റെ മികവിനേയും ഉൽപാദിപ്പിച്ച സ്ഥലത്തിന്റെ പ്രശസ്തിയേയും സൂചിപ്പിക്കുന്നു.

** ഭാരതത്തിലെ നാലാമത്തെ വലിയ സിവിലിയൻ അവാർഡ്

# ഭഗീരഥി അമ്മ



ഇന്ന് ഒരു നല്ല വാർത്തയുണ്ട്. എന്റെ സസ്യ ജീവശാസ്ത്രപരീക്ഷ പൂർത്തിയാകാറായി. അപ്പോൾ നമ്മളെപ്പോഴാണ് പ്രകൃതി കാണാൻ പോകുന്നത്. എനിക്ക് ചെടികളേയും മരങ്ങളേയും കുറിച്ച് നിങ്ങളെ പഠിപ്പിക്കാൻ സാധിക്കും.
മാഷ് ഇപ്പോഴും പഠിക്കുകയാണോ? അതെങ്ങിനെ സാധിക്കും.
മുതിർന്ന അദ്ധ്യാപകർക്കും പഠിക്കാൻ കഴിയുമെന്ന് എനിക്കറിയില്ലായിരുന്നു!
തീർച്ചയായും, മുതിർന്നവർക്കും പഠിക്കാൻ സാധിക്കും. അടുത്തിടെ മൻ കി ബാത്തിൽ 105 വസ്സുള്ള ഒരാൾ പരീക്ഷ എഴുതിയതിനെക്കുറിച്ച് കേട്ടു.
അതേ ശാരദ. അവരുടെ പേര് ഭഗീരഥി അമ്മ എന്നാണ്. ഇരിക്കൂ. അവരുടെ കഥ പറയാം.
കേരളത്തിലെ പ്രാക്കുളം ഗ്രാമത്തിലെ ഒരു ചെറിയ പെൺകുട്ടിയായിരുന്നു ഭഗീരഥി. അവൾക്ക് എഴുതാനും വായിക്കാനും ഇഷ്ടമായിരുന്നു. അവൾക്ക് 8 വയസ്സായപ്പോൾ–
ഭഗീരഥി നീ സ്കൂളിലേയ്ക്കു വരുന്നില്ലേ?
എനിക്കു പഠിക്കണം.
ഇല്ല. അവളുടെ അമ്മ മരിച്ചു. അവൾക്ക് ഇനി ഈ വീടും സഹോദരങ്ങളേയും നോക്കണം.
ഭഗീരഥിക്ക് സ്കൂളിൽ പോകാനായില്ല. പിന്നീട് അവളുടെ കല്യാണം കഴിഞ്ഞു, 6 കുട്ടികളുടെ അമ്മയായി. അതിനു ശേഷം അവളുടെ ഭർത്താവ് മരിച്ചു.
നിങ്ങളുടെ വിദ്യാഭ്യാസത്തെ ഒന്നും ബാധിക്കാൻ അനുവദിക്കില്ല. നിങ്ങളെല്ലാവരും നന്നായി പഠിക്കണം.
അമ്മേ, ഞങ്ങൾ നന്നായി പഠിക്കും. അമ്മയുടെ അഭിമാനമായി മാറും!
കുട്ടികൾ വളർന്നതോടെ–
ഈ പുസ്തകം എനിക്കു വായിക്കാൻ സാധിക്കുമൊ. എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ലെങ്കിൽ നീയെന്നെ സഹായിക്കൂ.
അമ്മ, തീർച്ചയായും.
അമ്മ, ഈ പുസ്തകം ആദ്യം വായിക്കൂ. ഇത് വളരെ രസകരമാണ്.


ഭഗീരഥിയമ്മയുടെ പഠിക്കാനുള്ള ആഗ്രഹം സഫലമായില്ല. 2019 ൽ അവർക്ക് 105 വയസ്സു തികഞ്ഞപ്പോൾ–
നോക്കൂ അമ്മമ്മ*, വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്ത മുതിർന്ന പൗരന്മാർക്കായി കേരള സംസ്ഥാന സാക്ഷരത മിഷൻ നടത്തുന്ന നാലാം തരം തുല്യത പ്രോഗ്രാം ഉണ്ട്.
എനിക്കിനിയും പഠിക്കാന് കഴിയുമോ? ഇത് നല്ലൊരു അവസരമാണ്!
പ്രായമായിട്ടും ഭഗീരഥി അമ്മ കോഴ്സ് ചെയ്യാൻ തീരുമാനിച്ചു.
എനിക്ക് ഒരുപാട് പഠിക്കാനുണ്ട്. ഞാൻ അത് നന്നായി ചെയ്യും.
എനിക്ക് ഉറപ്പുണ്ട് അമ്മമ്മ. ഞങ്ങൾ കൂടെയുണ്ട്.
മാസങ്ങളുടെ പരിശ്രമത്തിനു ശേഷം ഭഗീരഥി അമ്മ കണക്ക്, മലയാളം, പരിസ്ഥിതി ശാസ്ത്രം എന്നീ വിഷയങ്ങളിൽ പരീക്ഷയെഴുതി.
വൈകാതെ–
അമ്മമ്മ, അത് ചെയ്തു. 275 ൽ 205 മാർക്ക് നേടി!
കാണട്ടെ, ഞാൻ പറഞ്ഞില്ലേ. എനിക്കു പ്രായമായിട്ടുണ്ടാകാം, പക്ഷെ എന്റെ പഠിക്കാനുള്ള ആഗ്രഹത്തിന് ഇപ്പോഴും ചെറുപ്പമാണ്.
2019 ൽ ഭഗീരഥി അമ്മയുടെ അവിസ്മരണീയമായ നേട്ടത്തിന് ഭാരതത്തിലെ വലിയ സിവിലിയൻ ആദരവായ നാരി ശക്തി പുരസ്കാരം ഭഗീരഥി അമ്മ നേടി.
मन की बात
നിങ്ങൾക്ക് ജീവിതത്തിൽ ഉയരണമെങ്കിൽ നിങ്ങൾ വികസിക്കണം. എന്തെങ്കിലും നേടണമെങ്കിൽ ചെയ്യേണ്ടത് നിങ്ങളിലെ വിദ്യാർത്ഥിയെ മരിക്കാൻ അനുവദിക്കാതിരിക്കുക എന്നതാണ്.

*മുത്തശ്ശി

# രാജേന്ദ്ര ജാദവ്


കോവിഡ് ഭീഷണി ഒഴിയുന്നു. നിങ്ങൾക്ക് സന്തോഷമായില്ലേ?
ഓ അതെ സർ! നമ്മളെ സുരക്ഷിതരാക്കാൻ പ്രയത്നിച്ച എല്ലാവർക്കും നന്ദി.
വളരെ സത്യം! രോഗം പടരാതെ സംരക്ഷിച്ച ഡോക്ടർമാരോടും മറ്റ് ആരോഗ്യ പ്രവർത്തകരോടും നമ്മൾ കടപ്പെട്ടിരിക്കുന്നു. ആ സമയത്ത് തന്റെ കർത്തവ്യം നിർവ്വഹിച്ച രാജേന്ദ്ര ജാദവിന്റെ കഥ ഞാൻ പറയാം.
ഇത് മൻ കി ബാത്തിലെ കഥയാണോ?
നായർ സാർ ചിരിച്ചുകൊണ്ട് തല കുലുക്കി.
2022 ൽ മഹാരാഷ്ട്രയിൽ സത്താനയിൽ 62 വയസ്സുള്ള ഒരാൾ ഭീതിയോടെ ടിവി വാർത്ത കാണുകയായിരുന്നു.
കോവിഡ്–19 കേസിലുള്ള വളർച്ച കാരണം നാസിക് റെഡ് സോണായി.
എന്റെ നഗരം അപകടത്തിൽ.
അദ്ദേഹമായിരുന്നു രാജേന്ദ്ര ജാദവ്, അദ്ദേഹം സ്വയം ആർജ്ജിത സാങ്കേതിക വിദഗ്ദനും കാർഷികോപകരണങ്ങളുടെ നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ളയാളുമായിരുന്നു.
മാസ്ക് ഇടാനും കൈകൾ കഴുകാനും മറക്കരുത്!
ചെറുകിട സാനിറ്റൈസർ പര്യാപ്തമല്ല. ഈ വൈറസിനെ നേരിടാൻ വലിയ നിലവാരമുള്ളതു തന്നെ വേണം.




*രാജ്യത്തെ താഴെത്തട്ടിലുള്ള സാങ്കേതിക വിദ്യാ വികാസത്തെ ഉയർത്തിപ്പിടിക്കുന്ന സംഘടനയാണ് എൻ.ഐ.എഫ്.




* ഇൻഫർമേഷൻ ടെക്നോളജി




* ഗായത്രിയുടെ അച്ഛൻ കാശിലിംഗം ഒരു മെക്കാനിക്കൽ എഞ്ചിനിയറായിരുന്നു.


ഈ തുകൽ കൊണ്ട് വീരയുടെ കഴു ത്തിൽ കെട്ടാം. പക്ഷെ ഈ പി.വി.സി. പൈപ്പ് എന്തിനാണ്?
വീരയ്ക്ക് ഓടാനും നടക്കാനും കൃത്രിമ പ്ലാസ്റ്റിക് കപ്പു ണ്ടാക്കുകയാണ്.
അതുകൊള്ളാം. വീരയ്ക്ക് സുഖകരമാകാൻ, പൈപ്പ് അവന്റെ ശരീരവുമാ യി ചേരുന്നിടത്ത് ഒരു പാഡിംങ് ഉണ്ടാക്കാം.
വൈകാതെ –
ഇനി നായ വണ്ടി പരീക്ഷിക്കാ നുള്ള സമയമാണ്. അടങ്ങി നിൽക്ക് വീര!
വെറും കുറച്ചു ദിവസത്തെ പരിശീലനംകൊണ്ട് –
നോക്കൂ വീര ചലിക്കുന്നു.
അവൻ അനായാസമായി ഓടുന്നു.
ഇവൻ കരുത്തനായ ചെങ്ങാതിയാണ്.
നിങ്ങൾക്ക് നന്ദി! അവൻ ഒരുപാടു ദൂരം സഞ്ചരിക്കും.
ഇതിലൂടെ കൂടുതൽ ആളുകൾ വികലാംഗരായ മൃഗങ്ങളെ വളർ ത്താൻ മുന്നോട്ടു വരുമെന്നും അതിലൂടെ ഈ മൃഗങ്ങളുടെ ജീവിതം മെച്ചപ്പെടുമെന്നും ഗായത്രി പ്രതീക്ഷിച്ചിരുന്നു.



# മൻ കി ബാത്ത്

## വാല്യം – 2

മൻ കി ബാത്തിന്റെ ഈ രണ്ടാം വോള്യത്തിലൂടെ മനുഷ്യന്റെ നേട്ടങ്ങളെ ആഘോഷിക്കുന്നതു തുടരുകയാണ്.
പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന്റെ റേഡിയൊ പരിപാടിയിലൂടെ അതിശയകരമായ ജീവിതം നയിച്ച മനുഷ്യരുടെ സംഭാവനകളെ എടുത്തു കാണിക്കുകയാണ്.
ഇത് യഥാർത്ഥ ജീവിതത്തിലെ നായകന്മാരുടെ കഥയാണ്.
ഭഗീരഥി അമ്മ ചെറുപ്രായത്തിൽ സ്കൂളിൽ നിന്ന് സഹോദരങ്ങളെ സംരക്ഷിക്കാനായി പഠനം ഇപേക്ഷിക്കേണ്ടി വന്നു. അമ്മൂമ്മയായിട്ടും 105 വയസ്സിലും 4 ാം തരം പരീക്ഷ പഠിച്ച് പാസായി. എൻ. എസ്. രാജപ്പൻ, 5 ാം വയസ്സിൽ പോളിയൊ ബാധിച്ച കാലുകളുമായി 63 ാം വയസ്സിൽ വേമ്പനാട്ടു കായലിൽ വിനോദ സഞ്ചാരികൾ അലക്ഷ്യമായി എറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വൃത്തിയാക്കുന്നു.
ഉഷ ദുബെ, കോവിഡ് ലോക്ക്ഡൗൺ കാലത്ത് ഓൺലൈൻ ക്ലാസ്സുകളുടെ അപര്യാപ്തത മനസ്സിലാക്കി പാവപ്പെട്ട കുട്ടികൾക്കുവേണ്ടി ഒരു ക്ലാസ്സ് റൂം തന്നെ തന്റെ സ്കൂട്ടറിൽ സജീകരിച്ച് വിദ്യാർത്ഥികൾക്കു മുൻപിലെത്തിച്ചു.
സമൂഹത്തിൽ വ്യത്യാസം കൊണ്ടുവരാൻ പണവും പദവിയും ആവശ്യമില്ല എന്ന് നമ്മുടെ ഈ നായികാ നായകന്മാർ തെളിയിച്ചിരിക്കുന്നു.



₹90

www.amarchitrakatha.com
ISBN 978-81-19242-59-7